**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4505** **10-08-2021 - ൽ മറുപടിയ്ക്ക്**

**നെടുംകണ്ടത്തെ ഐ.എച്ച്.ആർ.ഡി. കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നെടുംകണ്ടത്ത് പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ എത്ര രൂപയാണ് അനുവദിച്ചിരുന്നതെന്ന് അറിയിക്കുമോ; | (എ) | നെടുംകണ്ടത്ത് പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി.യുടെ അപ്ലൈഡ് സയൻസ് കോളേജിന് ഒരു അക്കാദമിക് ബ്ലോക്ക് കെട്ടിട നിർമ്മാണത്തിനുള്ള പദ്ധതി 2019-20ലെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ടി പ്രവർത്തിക്കായി ബജറ്റിൽ 100 ലക്ഷം രൂപയും അനുവദിച്ചിരുന്നു. |
| (ബി) | കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | പ്രസ്തുത പ്രവർത്തിക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 543 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 07.02.2020ലെ സ.ഉ. (സാധാ) നം. 232/2020/ ഉ.വി.വ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; | (സി) | പ്രസ്തുത പ്രവർത്തിക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 543 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 07.02.2020ലെ സ.ഉ. (സാധാ) നം. 232/2020/ ഉ.വി.വ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി നാളിതുവരെ ആരംഭിക്കാൻ കഴിയാത്ത സാഹചര്യം വിശദമാക്കാമോ; | (ഡി) | പ്രസ്തുത പ്രവൃത്തിക്കുള്ള തുക ഐ.എച്ച്.ആർ.ഡി യുടെ പ്ലാൻഫണ്ടിൽ നിന്നാണ് കണ്ടെത്തേണ്ടത്. ഐ.എച്ച്.ആർ.ഡിക്ക് അനുവദിച്ച ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഇ) | പ്രസ്തുത കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഇ) | കെട്ടിട നിർമ്മാണ പ്രവർത്തി അടിയന്തിരമായി ആരംഭിക്കുന്നതിന് പ്രത്യേക ഫണ്ട് ആവശ്യപ്പെട്ട് ധനകാര്യ വകുപ്പിനെ സമീപിക്കുന്നതാണ്. ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ